കേരള സർക്കാർ
തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

## വിജ്ഞാപനം

ജി.ഒ. (പി) നമ്പർ 10/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, 2011 ജനുവരി 13.

<u>എസ്.ആർ.ഒ. നമ്പർ</u> ........../2011.- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 53-ാം വകുപ്പും 565-ാം വകുപ്പും കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചതിന് ശേഷം, 1995 നവംബർ 30-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 279/95/തഭവ നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1995 നവംബർ 30-ാം . തീയതിയിലെ 1198-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടി താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

## ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.- (1) ഈ ചട്ടങ്ങൾക്ക് 2011-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങൾക്കുള്ള ഭേദഗതി</u>.- 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിൽ,-

(1) ചട്ടം 3-ൽ (3)-ാം ഉപചട്ടത്തിന് ശേഷം താഴെപ്പറയുന്ന ഉപചട്ടങ്ങൾ ചേർക്കേണ്ടതാണ്, അതായത്:-

"(3എ) ഓരോ ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കും തിരഞ്ഞെടുക്കപ്പെടേണ്ട ആകെ അംഗങ്ങളുടെ അമ്പത് ശതമാനം സ്ത്രീകളായിരിക്കണമെന്ന ആക്റ്റിലെ നിബന്ധനയ്ക്ക് വിധേയമായി, ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ അമ്പത് ശതമാനവും മുനിസിപ്പൽ കൗൺസിലർമാരുടെ അമ്പത് ശതമാനവും ജില്ലാ പഞ്ചായത്തംഗങ്ങളുടെ

അമ്പത് ശതമാനവും സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും, ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്തംഗങ്ങളുടെ രണ്ട് സ്ഥാനങ്ങൾ പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ടവർക്കായി സംവരണം ചെയ്യേണ്ടതും അതിൽ ഒരു സ്ഥാനം, സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ട അമ്പത് ശതമാനം സ്ഥാനങ്ങളിൽ ഉൾപ്പെടുത്തി പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും, അതനുസരിച്ച് ഓരോ വിഭാഗത്തിനും സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കേണ്ടതുമാണ്:

എന്നാൽ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും കാര്യത്തിൽ, ശതമാനക്കണക്കിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുമ്പോൾ ഭിന്നസംഖ്യ വരുന്ന സംഗതിയിൽ അത് തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയായി നിജപ്പെടുത്തേതാണ്:

എന്നുമാത്രമല്ല, ഈ ഉപചട്ടം പ്രാബല്യത്തിൽ വന്ന ശേഷം ആദ്യമായി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്നോ മുനിസിപ്പൽ കൗൺസിലർമാരിൽ നിന്നോ ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം ഒന്ന് എന്ന് നിശ്ചയിക്കപ്പെടുകയും അത് ഈ ഉപചട്ട പ്രകാരം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടുകയും ചെയ്ത സംഗതിയിൽ, തുടർന്ന് അപ്രകാരമുള്ള സ്ത്രീ സംവരണം, പിന്നീട് വരുന്ന ഒന്നിടവിട്ട പൊതു തിരഞ്ഞെടുപ്പുകൾക്ക് ശേഷം നടത്തുന്ന ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പുകളിലേക്ക് മാത്രം ബാധകമായിരിക്കുന്നതാണ്;

(3ബി) ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് ജില്ലാ പഞ്ചായത്തംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ, (3എ) ഉപചട്ട പ്രകാരം പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ട ഒരു സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായി പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട ഒരു സ്ത്രീ-ജില്ലാ പഞ്ചായത്തംഗം ഇല്ലാത്ത സംഗതിയിൽ, അവർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേക്ക് താഴെപ്പറയുന്ന പ്രകാരം പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട ഒരാളെ തിരഞ്ഞെടുക്കേണ്ടതാണ്; അതായത്:-

(എ) പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട ഒരു സ്ത്രീ-മുനിസിപ്പൽ കൗൺസിലറെ; അഥവാ

(ബി) ഖണ്ഡം (എ) പ്രകാരം തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായ സ്ത്രീ-മുനിസിപ്പൽ കൗൺസിലർ ഇല്ലാത്ത പക്ഷം, പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട രണ്ടാമതൊരു ജില്ലാ പഞ്ചായത്തംഗത്തെ; അഥവാ

(സി) ഖണ്ഡം (ബി) പ്രകാരം തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹനായ ജില്ലാ പഞ്ചായത്തംഗം ഇല്ലാത്ത പക്ഷം, പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട ഒരു മുനിസിപ്പൽ കൗൺസിലറെ:

എന്നാൽ, (ബി) ഖണ്ഡപ്രകാരമോ (സി) ഖണ്ഡ പ്രകാരമോ ഒരു ജില്ലാ പഞ്ചായത്തംഗമോ ഒരു മുനിസിപ്പൽ കൗൺസിലറോ തിരഞ്ഞെടുക്കപ്പെടുകയും ആ വ്യക്തി ഒരു സ്ത്രീയല്ലാതായിരിക്കുകയും ചെയ്യുന്ന സംഗതിയിൽ, സ്ത്രീ സംവരണത്തിലെ കുറവ് നികത്തുന്നതിലേക്കായി, ഒരു സ്ത്രീ-ജില്ലാ പഞ്ചായത്തംഗത്തെ അധികമായി തിരഞ്ഞെടുക്കേണ്ടതാണ്;

(3സി) ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗങ്ങൾ താഴെപ്പറയുന്ന മുൻഗണനാ ക്രമത്തിൽ വ്യത്യസ്ത ദിവസങ്ങളിലോ ഒരേ ദിവസം വ്യത്യസ്ത സമയങ്ങളിലോ നടത്തേതാണ്, അതായത്:-

(i) ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം;

(ii) മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം;

(iii) മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം;

(iv) ഉപചട്ടം (3ബി) -യിൽ (ബി) ഖണ്ഡ പ്രകാരം ആവശ്യമായി വരികയാണെങ്കിൽ, വീണ്ടും ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം;

(v) ഉപചട്ടം (3ബി) -ൽ (സി) ഖണ്ഡ പ്രകാരം ആവശ്യമായി വരികയാണെങ്കിൽ, വീണ്ടും മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം.

(vi) ഉപചട്ടം (3ബി)-യുടെ കീഴിലുള്ള ക്ലിപ്ത നിബന്ധന പ്രകാരം ആവശ്യമായി വരികയാണെങ്കിൽ, വീണ്ടും ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം."

(2) ചട്ടം 7-ൽ (4)-ാം ഉപചട്ടത്തിന് ശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:-

"(5) ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് വിളിച്ചു കൂട്ടുന്ന യോഗത്തിൽ, സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേക്ക് ആദ്യം തിരഞ്ഞെടുപ്പ് നടത്തേണ്ടതും, തുടർന്ന് സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്:

എന്നാൽ ജില്ലാ പഞ്ചായത്തംഗങ്ങളിൽ നിന്ന് സംവരണ സ്ഥാനങ്ങളിലേക്ക് ആദ്യം തിരഞ്ഞെടുപ്പ് നടത്തുന്നത് താഴെപ്പറയുന്ന ക്രമത്തിലായിരിക്കേതാണ്, അതായത്:-

(i) പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട സ്ത്രീകൾക്കായി സ്ഥാനം സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാനത്തേക്ക്;

(ii) പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ടവർക്കായി സംവരണം ചെയ്യപ്പെട്ട മറ്റ് സ്ഥാനത്തേക്ക്;

(iii) സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട മറ്റ് സ്ഥാനങ്ങളിലേക്ക്.''

(3) ചട്ടം 8-ൽ (1)-ാം ഉപചട്ടത്തിന് കീഴിലുള്ള ക്ലിപ്ത നിബന്ധനക്ക് പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേതാണ്, അതായത്:-

''എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട അംഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിക്ക് മറ്റൊരംഗത്തിന്റെ നാമ നിർദ്ദേശമോ പിന്താങ്ങലോ ആവശ്യമില്ലാത്തതാകുന്നു''.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്.എം. വിജയാനന്ദ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 53-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡ പ്രകാരം, ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ തിരഞ്ഞെടുക്കപ്പെട്ട 12 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം, ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്തംഗങ്ങളുടെയും കോർപ്പറേഷൻ കൗൺസിലർമാരുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും സംഖ്യ സർക്കാർ നിശ്ചയിക്കേണ്ടതുമാണ്. 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ 50 ശതമാനം സ്ത്രീകളും, രണ്ടംഗങ്ങൾ പട്ടിക ജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടവരും അതിൽ ഒരാൾ സ്ത്രീയും ആയിരിക്കേതാണ്. അതനുസരിച്ച്, ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് സ്ത്രീകൾക്കും, പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ടവർക്കും, അവരിലെ സ്ത്രീകൾക്കും സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള സംവരണ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്ന വിധവും 1995-ലെ ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടത്തിന്റെ 3-ാം ചട്ടത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. കൂടാതെ, സംവരണ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ആദ്യം നടത്തുവാനും തുടർന്ന് സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുവാനും പ്രസ്തുത ചട്ടത്തിന്റെ 7-ാം ചട്ടത്തിൽ

വ്യവസ്ഥ ചെയ്യേണ്ടതും ആവശ്യമാണ്. 8-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയെ മറ്റൊരു കൗൺസിലർ/ ജില്ലാ പഞ്ചായത്തംഗം നാമ നിർദ്ദേശം ചെയ്യേണ്ടതും മറ്റൊരാൾ പിന്താങ്ങേണ്ടതും (1)-ാം ഉപചട്ടത്തിന് കീഴിലുള്ള ക്ലിപ്ത നിബന്ധന പ്രകാരം ഒരാൾ ഒന്നിലധികം സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുവാനോ പിന്താങ്ങുവാനോ പാടില്ലാത്തതുമാകുന്നു. മേൽപ്പറഞ്ഞ ക്ലിപ്ത നിബന്ധന ചില പഞ്ചായത്തുകളുടെ കാര്യത്തിലെങ്കിലും ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് ജില്ലാ പഞ്ചായത്തംഗങ്ങളിൽ നിന്ന് അംഗങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രയാസം സൃഷ്ടിക്കുമെന്നും അതിനാൽ ക്ലിപ്ത നിബന്ധന വിട്ടുകളയുന്നത് ഉചിതമായിരിക്കുമെന്നും കാണുന്നു. അപ്രകാരം, ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അംഗങ്ങൾക്ക് സംവരണം ചെയ്ത സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മറ്റൊരംഗത്തിന്റെ നാമനിർദ്ദേശവും പിന്താങ്ങലും നിഷ്കർഷിക്കേണ്ടതില്ല എന്ന ഒരു ക്ലിപ്ത നിബന്ധന ഉൾപ്പെടുത്തുന്നതും ഉചിതമായിരിക്കുമെന്ന് കാണുന്നു. ഈ ആവശ്യങ്ങൾക്കായി ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.